ഉത്തരം

(എ) ആശ്രിതരുടെ വിഭാഗത്തിൽ വിധവ/വിഭാര്യൻ മകൻ, മകൾ എന്നിവർ ഉൾപ്പെടും. മകൻ, മകൾ എന്നിവരുടെ കൂട്ടത്തിൽ ദത്തുപുത്രനും ദത്തുപുത്രിയും കൂടി ഉൾപ്പെടും. ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ

95 (3024)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം കാട്ടായിക്കോണത്ത് കോണത്ത് വീട്ടിൽ ശ്രീ. എസ്. ദാമോദരൻ, കാട്ടായിക്കോണത്ത് ശ്രീ. കെ. മുഹമ്മദ്കുഞ്ഞ് എന്നീ സ്വാതന്ത്ര്യ സമര സേനാനികൾ സമർപ്പിച്ചിട്ടുള്ള പെൻഷന് വേണ്ടിയുള്ള അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് അർഹമായ പെൻഷൻ അനുവദിക്കുന്നതിനുള്ള കാല വിളംബത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് എത്രയും പെട്ടെന്ന് പെൻഷൻ അനുവദിക്കുമോ?

ഉത്തരം

(എ)-(സി) സ്വീകാര്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കാറുണ്ട്. ശ്രീ. ദാമോദരന്റെ അപേക്ഷ ഇപ്പോൾ പരിഗണനയിലില്ല. ശ്രീ. മുഹമ്മദുകുഞ്ഞിന്റെ അപേക്ഷയിൽ നടപടി സ്വീകരിച്ചുവരുന്നു.

സ്വാതന്ത്ര്യ സമര പെൻഷൻ

96 (3025)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-ലെ റോയൽ ഇൻഡ്യൻ നേവൽ മ്യൂട്ടിണിയിൽ പങ്കെടുത്തവരെ സംസ്ഥാന സ്വാതന്ത്ര്യ പെൻഷന് അർഹരാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ചു; ഇനി എത്ര അപേക്ഷകർക്ക് പെൻഷൻ നൽകുവാനുണ്ട്;

(സി) പെൻഷൻ കാര്യത്തിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് വെമ്പള്ളി സ്വദേശി ടി.എം. സ്കറിയായുടെ പെൻഷനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ഇ) അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

---

* അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly